ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 18.09.2024** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. ഒരു രാജ്യം, ഒരു തിരഞ്ഞെടുപ്പ് സംബന്ധിച്ച ഉന്നതതലസമിതി ശുപാർശയ്ക്ക് കേന്ദ്രമന്ത്രിസഭയുടെ അംഗീകാരം. ഇന്ത്യൻ ജനാധിപത്യത്തെ ഇത് കൂടുതൽ ചടുലമാക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.

   **The government today accepted the recommendations of the High Level Committee constituted for exploring the idea of One Nation One Election paving the way for simultaneous elections across the country. Prime Minister Narendra Modi has said that the Cabinet accepting the recommendations of the High-Level Committee on Simultaneous Elections is an important step towards making the Indian democracy even more vibrant and participative.**

2. ചന്ദ്രയാൻ-4 ദൗത്യത്തിനും, വീനസ് ഓർബിറ്റർ ദൗത്യത്തിനും കേന്ദ്ര മന്ത്രിസഭായോഗം അംഗീകാരം നൽകി.

Union government has approved Chandrayaan-4 Mission and Venus Orbiter Mission to give boost to the country's science and technology sector.

3. എൻ.പി.എസ് വാത്സല്യ പദ്ധതിക്ക് രാജ്യത്ത് തുടക്കമായി. കുട്ടികളുടെ ഭാവിസുരക്ഷിതമാക്കാനുള്ള ദീർഘ കാല നിക്ഷേപമാകും എൻ.പി.എസ് വാത്സല്യയെന്ന് ധനമന്ത്രി നിർമല സീതാരാമൻ.

   Union Finance Minister Nirmala Sitaraman launched the NPS-Vatsalya scheme that offers a pension account for minors.

4. കേരളത്തിൽ എംപോക്സ് സ്ഥിരീകരിച്ചു. യുഎഇയിൽ നിന്ന് തിരിച്ചെത്തി മലപ്പുറത്ത് ചികിത്സയിലുണ്ടായിരുന്ന വ്യക്തിക്കാണ് രോഗം സ്ഥിരീകരിച്ചത്.

   In Kerala, a 38 year old man admitted to the Manjeri Medical College Hospital in Malappuram district has been confirmed to be infected with Mpox virus.

5. 15-ാം കേരള നിയമസഭയുടെ 12-ാമത് സമ്മേളനം അടുത്ത മാസം നാല് മുതൽ വിളിച്ചു ചേർക്കുന്നതിന് ഗവർണറോട് ശുപാർശ ചെയ്യാൻ സംസ്ഥാന മന്ത്രിസഭായോഗം തീരുമാനിച്ചു.

   Kerala Cabinet decided to recommend Governor to convene the Legislative Assembly session from October 4th.

6. ഇന്ത്യ-ബംഗ്ലാദേശ് ക്രിക്കറ്റ് ടെസ്റ്റ് പരമ്പരയ്ക്ക് നാളെ ചെന്നൈയിൽ തുടക്കം.

**India-Bangladesh cricket test series will begin tomorrow in Chennai**

&&&&&&&&&&&&&&&&&&&

## CABINET-DECISIONS

ഒരു രാജ്യം, ഒരു തിരഞ്ഞെടുപ്പ് സംബന്ധിച്ച ഉന്നതതലസമിതി ശുപാർശയ്ക്ക് കേന്ദ്രമന്ത്രിസഭയുടെ അംഗീകാരം. രണ്ട് ഘട്ടമായാവും തീരുമാനം നടപ്പാക്കുകയെന്ന് മന്ത്രിസഭാ തീരുമാനങ്ങൾ വിശദീകരിച്ചുകൊണ്ട് കേന്ദ്ര വാർത്താവിതരണ, പ്രക്ഷേപണ മന്ത്രി അശ്വിനി വൈഷ്ണവ് ന്യൂഡൽഹിയിൽ വ്യക്തമാക്കി. ആദ്യഘട്ടത്തിൽ ലോക്സഭാ, നിയമസഭാ തിരഞ്ഞെടുപ്പുകൾ ഒരുമിച്ച് നടത്തും. പഞ്ചായത്ത് തിരഞ്ഞെടുപ്പുകൾ പൊതു തിരഞ്ഞെടുപ്പ് നടന്ന് 100 ദിവസത്തിനകം നടത്തും. മുൻ രാഷ്ട്രപതി രാംനാഥ് കോവിന്ദ് അധ്യക്ഷനായ സമിതി, രാഷ്ട്രീയ പാർട്ടികളുമായും, ബന്ധപ്പെട്ട വിദഗ്ധരുമായും ദീർഘമായ ചർച്ചകൾ നടത്തിയ ശേഷമാണ് ഒരു രാജ്യം, ഒരു തിരഞ്ഞെടുപ്പ് സംബന്ധിച്ച നിർദ്ദേശങ്ങൾ തയ്യാറാക്കിയത്.

*(ഹോൾഡ്)*

ചന്ദ്രയാൻ-4 ദൗത്യത്തിനും, വീനസ് ഓർബിറ്റർ ദൗത്യത്തിനും ഇന്ന് ചേർന്ന മന്ത്രിസഭാ യോഗം അംഗീകാരം നൽകി. ചന്ദ്രനിൽ ലാൻഡ് ചെയ്ത ശേഷം തിരികെ ഭൂമിയിലെത്തുന്ന രീതിയിലാണ് ചന്ദ്രയാൻ-4 വികസിപ്പിക്കുക. ശുക്രൻറെ അന്തരീക്ഷത്തെക്കുറിച്ച് ശാസ്ത്രീയമായി കൂടുതൽ മനസ്സിലാക്കുന്നതിനായി 2028 മാർച്ച്

മാസത്തിൽ വീനസ് ഓർബിറ്റർ ദൗത്യം നടപ്പാക്കാനാണ് ലക്ഷ്യമിടുന്നത്.

2024-25 റാബി വിള സീസണിലെ ഫോസ്ഫേറ്റ്, പൊട്ടാസ്യം രാസവളങ്ങളുടെ സബ്സിഡി നിരക്കുകൾക്കും മന്ത്രിസഭ അംഗീകാരം നൽകി. 24,000 കോടി രൂപയാണ് ഇതിനായി വകയിരുത്തിയിട്ടുള്ളത്. കർഷകർക്കായുള്ള പ്രധാൻ മന്ത്രി അന്നദാതാ ആയ് സൻരക്ഷൻ അഭിയാൻ തുടരാനും മന്ത്രിസഭ തീരുമാനിച്ചു. അവശ്യസാധനങ്ങളുടെ വിലക്കയറ്റം തടയാനും, കർഷകർക്ക് വരുമാനം ഉറപ്പാക്കാനും സഹായിക്കുന്നതാണ് ഈ പദ്ധതി.

79,156 കോടി രൂപാ ചെലവിൽ പ്രധാൻ മന്ത്രി ജൻജാതീയ ഉന്നത് ഗ്രാം അഭിയാൻ നടപ്പാക്കാനും ഇന്ന് ചേർന്ന കേന്ദ്രമന്ത്രിസഭാ യോഗം തീരുമാനിച്ചു. ഗോത്ര വിഭാഗത്തിൽപ്പെട്ട 5 കോടിയിലേറെപ്പേർക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കും. ഗോത്രമേഖലയിലെ അടിസ്ഥാനസൗകര്യ വികസനം, സാമ്പത്തിക ശാക്തീകരണം, വിദ്യാഭ്യാസ, ആരോഗ്യ നിലവാരം ഉയർത്തൽ എന്നിവയാണ് പദ്ധതി ലക്ഷ്യമിടുന്നത്.

ആനിമേഷൻ, വിഷ്വൽ ഇഫക്ട്സ്, ഗെയിമിങ് എന്നിവയുമായി ബന്ധപ്പെട്ട ദേശീയ കേന്ദ്രം രൂപീകരിക്കാനും മന്ത്രിസഭ തീരുമാനിച്ചു. ബയോടെക്നോളജി ഗവേഷണം, സംരംഭകത്വം എന്നിവ ലക്ഷ്യമിടുന്ന പുതിയ പദ്ധതിക്കും മന്ത്രിസഭാ യോഗം അംഗീകാരം നൽകി.

&&&&&&&&&&&&&&&&&&

**PM-ONOE**

ഇന്ത്യൻ ജനാധിപത്യത്തെ കൂടുതൽ ഊർജസ്വലവും പങ്കാളിത്തവുമുള്ളതാക്കുന്നതിനുള്ള സുപ്രധാന ചുവടുവയ്പ്പാണ് ഒരു രാജ്യം, ഒരു തിരഞ്ഞെടുപ്പ് സംബന്ധിച്ച മന്ത്രിസഭാ തീരുമാനമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഈ ശ്രമത്തിന് നേതൃത്വം നൽകിയതിന് മുൻ രാഷ്ട്രപതി രാം നാഥ് കോവിന്ദിനെ പ്രധാനമന്ത്രി അഭിനന്ദിച്ചു. എന്നാൽ ഒരു രാജ്യം, ഒരു തിരഞ്ഞെടുപ്പ് നടപ്പാക്കുന്നത് രാജ്യത്തിൻറെ ഫെഡറൽ വ്യവസ്ഥയെ നിർവീര്യമാക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പ്രതികരിച്ചു. രാജ്യത്തിൻറെ വികസനത്തിന് തീരുമാനം ഗുണം ചെയ്യുമെന്നും, തിരഞ്ഞെടുപ്പിന് ചിലവഴിക്കുന്ന ഭീമമായ തുക ലാഭിക്കാൻ സാധിക്കുമെന്നും ബിജെപി സംസ്ഥാന അധ്യക്ഷൻ കെ.സുരേന്ദ്രൻ ചൂണ്ടിക്കാട്ടി.

&&&&&&&&&&&&&&&&&&

## NPS VATSALYA

എൻപിഎസ് വാത്സല്യ പദ്ധതിക്ക് ധനമന്ത്രി നിർമല സീതാരാമൻ ന്യൂഡൽഹിയിൽ തുടക്കം കുറിച്ചു . രക്ഷിതാക്കൾക്ക് കുട്ടികളുടെ പേരിൽ ദേശീയ പെൻഷൻ പദ്ധതിയിൽ അക്കൗണ്ട് തുറക്കാനും, നിക്ഷേപം ഉറപ്പാക്കാനും ലക്ഷ്യമിടുന്നതാണ് വാത്സല്യ പദ്ധതി. കുട്ടികളുടെ ഭാവിസുരക്ഷിതമാക്കാനുള്ള ദീർഘ കാല നിക്ഷേപമാകും NPS-വാത്സല്യ എന്ന്

ശ്രീമതി സീതാരാമൻ ചടങ്ങിൽ പറഞ്ഞു . 18 വയസ്സുവരെ പ്രതിവർഷം 1,000 രൂപ മുതൽ കുട്ടിയുടെ പേരിൽ നിക്ഷേപിക്കാം. ബാങ്ക് , തപാൽ ഓഫീസ് ,പെൻഷൻ ഓഫീസ് വഴിയോ ഇ-NPS പോർട്ടൽ മുഖേന ഓൺലൈൻ ആയോ നിക്ഷേപം നടത്താവുന്നതാണ്. ഇത്തവണത്തെ കേന്ദ്രബജറ്റിലാണ് പദ്ധതി സംബന്ധിച്ച പ്രഖ്യാപനം ധനമന്ത്രി നടത്തിയത്. രാജ്യത്തെ 75 കേന്ദ്രങ്ങളിൽ നടന്ന സമാന്തര ഉദ്ഘാടന ചടങ്ങുകളുടെ ഭാഗമായി കുട്ടികൾക്ക് പ്രാൺ കാർഡുകൾ കൈമാറി. തിരുവനന്തപുരം കാനറ ബാങ്കിൽ നടന്ന ചടങ്ങിൽ കുട്ടികളും രക്ഷിതാക്കളും പങ്കെടുത്തു.

&&&&&&&&&&&&&&&&&&

## M-POX

കേരളത്തിൽ എംപോക്സ് സ്ഥിരീകരിച്ചു. യുഎഇയിൽ നിന്ന് തിരിച്ചെത്തി മലപ്പുറത്ത് രോഗലക്ഷണങ്ങളോടെ ചികിത്സയിലുണ്ടായിരുന്ന 38 വയസുകാരനാണ് എംപോക്സ് സ്ഥിരീകരിച്ചത്. ജാഗ്രത പാലിക്കണമെന്നും, മറ്റ് രാജ്യങ്ങളിൽ നിന്ന് എത്തുന്നവർ ഉൾപ്പെടെ രോഗലക്ഷണമുണ്ടെങ്കിൽ ചികിത്സ തേടണമെന്നും, ആരോഗ്യവകുപ്പിനെ വിവരം അറിയിക്കണമെന്നും മന്ത്രി വീണാ ജോർജ് അഭ്യർത്ഥിച്ചു. ആഫ്രിക്കൻ രാജ്യങ്ങളിലുൾപ്പെടെ എംപോക്സ് റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ കേന്ദ്ര മാർഗനിർദേശങ്ങളനുസരിച്ച് സംസ്ഥാനത്തെ എല്ലാ വിമാനത്താവളങ്ങളിലും

നിരീക്ഷണം ശക്തമാക്കിയിരുന്നതായും മന്ത്രി വ്യക്തമാക്കി. രോഗം റിപ്പോർട്ട് ചെയ്ത രാജ്യങ്ങളിൽ നിന്നു വരുന്നവർക്ക് രോഗലക്ഷണങ്ങൾ ഉണ്ടായാൽ വിമാനത്താവളത്തിൽ റിപ്പോർട്ട് ചെയ്യാനും നിർദേശം നൽകിയിട്ടുണ്ട് . നടപടി ക്രമം അനുസരിച്ചുള്ള ഐസൊലേഷൻ, സാമ്പിൾ ശേഖരണം , ചികിത്സ എന്നിവയെല്ലാം ഉറപ്പ് വരുത്തിയിട്ടുണ്ട്. എല്ലാ സർക്കാർ, സ്വകാര്യ ആശുപത്രികളും നടപടിക്രമം കൃത്യമായി പാലിക്കണമെന്നും ആരോഗ്യ മന്ത്രി നിർദേശിച്ചു.

&&&&&&&&&&&&&&&&&&

## JK VOTING

ജമ്മുകശ്മീർ നിയമസഭാ തിരഞ്ഞെടുപ്പിലെ ആദ്യഘട്ട വോട്ടെടുപ്പിൽ അഞ്ച് മണി വരെ 58.15 ശതമാനം പോളിങ് രേഖപ്പെടുത്തി. 24 നിയമസഭാ മണ്ഡലങ്ങളിൽ രാവിലെ ഏഴ് മണിമുതലാണ് വോട്ടെടുപ്പ് ആരംഭിച്ചത്. 219 സ്ഥാനാർത്ഥികളാണ് മത്സരിക്കുന്നത്. പാഹൽഗാം മണ്ഡലത്തിൽ 67.86 ശതമാനവും ഡി എച്ച് പുരയിൽ 65.21 ശതമാനവും കുൽഗാമിൽ 59.58 ശതമാനവും പോളിങ് രേഖപ്പെടുത്തി. ത്രാലിലാണ് ഏറ്റവും കുറവ് പോളിങ് രേഖപ്പെടുത്തിയത്. 40.58 ശതമാനം. ജമ്മു ഡിവിഷനിലെ എട്ട് നിയമസഭാ മണ്ഡലത്തിലാണ് ഇന്ന് വോട്ടെടുപ്പ് നടന്നത്. അനുച്ഛേദം 370 റദ്ദാക്കിയ ശേഷമുള്ള ആദ്യ നിയമസഭാ തിരഞ്ഞെടുപ്പാണ് ജമ്മുകശ്മീരിൽ ഇന്ന് നടന്നത്. രണ്ടാംഘട്ട വോട്ടെടുപ്പ് ഈ മാസം 25നും

മൂന്നാമത്തെതും അവസാനത്തെയും ഘട്ട വോട്ടെടുപ്പ് അടുത്തമാസം ഒന്നിനും നടക്കും.

&&&&&&&&&&&&&&&&&&

## CONGRESS-MANIFESTO HARYANA

ഹരിയാന നിയമസഭാ തിരഞ്ഞെടുപ്പിനായുള്ള പ്രകടനപത്രിക കോൺഗ്രസ് പുറത്തിറക്കി. അധികാരത്തിൽ എത്തിയാൽ പാചക വാതക സിലിണ്ടറുകൾ 500 രൂപയ്ക്ക് ലഭ്യമാക്കുമെന്നും വിധവകൾക്കും ദിവ്യാംഗർക്കും മുതിർന്ന പൗരന്മാർക്കും 6,000 രൂപ പ്രതിമാസ പെൻഷൻ നൽകുമെന്നും പ്രകടനപത്രികയിൽ പറയുന്നു.

&&&&&&&&&&&&&&&&&&

## JAIPUR- PRESIDENT VISIT

രാജ്യത്തിൻറെ സാമ്പത്തിക- സാംസ്കാരിക വികസനത്തിനും വനിതകളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും ഗവേഷണ മേഖലയിൽ സ്ത്രീ പങ്കാളിത്തം വർദ്ധിപ്പിക്കേണ്ടത് അത്യാവശ്യമാണെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. ജയ്പ്പൂരിലെ മാളവ്യ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലെ 18-ാമത് ബിരുദദാന ചടങ്ങിനെ അഭിസംബോധന ചെയ്യുകയായിരുന്നു

രാഷ്ട്രപതി. സ്ത്രീകൾക്ക് തുല്യ അവസരങ്ങൾ ലഭിച്ചാൽ അവർ കൂടുതൽ ഉയരങ്ങളിലേക്ക് എത്തിപ്പെടുമെന്നും ശ്രീമതി മുർമു പറഞ്ഞു.

&&&&&&&&&&&&&&&&&&

## CABINET-KERALA

15-ാം കേരള നിയമസഭയുടെ 12-ാമത് സമ്മേളനം അടുത്ത മാസം നാല് മുതൽ വിളിച്ചു ചേർക്കുന്നതിന് ഗവർണറോട് ശുപാർശ ചെയ്യാൻ ഇന്ന് ചേർന്ന മന്ത്രിസഭായോഗം തീരുമാനിച്ചു. സംസ്ഥാനത്തെ ആറ് മൊബൈൽ കോടതികളെ റഗുലർ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേട്ട് കോടതികളാക്കാനും സംസ്ഥാന മന്ത്രിസഭ തീരുമാനിച്ചു.

&&&&&&&&&&&&&&&&&&

## PULIKALI-INTRO

തൃശൂരിലെ ഓണാഘോഷത്തിന് പരിസമാപ്തി കുറിച്ചുകൊണ്ട് ശക്തന്റെ തട്ടകത്തിൽ പുലികളിറങ്ങി. പതിനായിരങ്ങളാണ് പുലിക്കളി കാണുന്നതിനായി സ്വരാജ് റൗണ്ടിൽ തടിച്ചുകൂടിയത്.

വിശദാംശങ്ങളുമായി ആകാശവാണി തൃശൂർ ജില്ലാ പ്രതിനിധി ഭരിതാ പ്രതാപ്....

(വോയ്സ്)

&&&&&&&&&&&&&&&&&&

## SWACHCHATHA PAKWADA

സ്വച്ഛതാ ഹി സേവ പരിപാടിയുടെ ഭാഗമായി എറണാകുളം ജങ്ഷൻ, ചെങ്ങന്നൂർ സ്റ്റേഷനുകളിൽ ശുചീകരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു. കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപിയുടെ നേതൃത്വത്തിലായിരുന്നു എറണാകുളം ജങ്ഷനിലെ സ്വച്ഛതാ ഹി സേവാ പ്രവർത്തനങ്ങൾ. ഗാന്ധി, കൃഷ്ണ, സുഭാഷിണി എന്നീ പേരുകളിൽ വൃക്ഷതൈകളും കേന്ദ്രമന്ത്രി നട്ടുപിടിപ്പിച്ചു. ചെങ്ങന്നൂർ റെയിൽവേ സ്റ്റേഷനിൽ നടന്ന ശുചിത്വ പ്രവർത്തനങ്ങളിൽ ദക്ഷിണ റെയിൽവേ അഡീഷണൽ ജനറൽ മാനേജർ കൗശൽ കിഷോർ പങ്കെടുത്തു.

&&&&&&&&&&&&&&&&&&

## CRICKET

ഇന്ത്യ-ബംഗ്ലാദേശ് ക്രിക്കറ്റ് ടെസ്റ്റ് പരമ്പരയ്ക്ക് നാളെ ചെന്നൈയിൽ തുടക്കമാകും. ലോക ടെസ്റ്റ് ചാമ്പ്യൻഷിപ്പിന്റെ ഭാഗമാണ് ഈ പരമ്പര. രോഹിത് ശർമ്മ നയിക്കുന്ന ഇന്ത്യൻ നിരയിൽ വിരാട് കോഹ്‌ലി, ആർ അശ്വിൻ, ജസ്പ്രീത് ബുമ്ര, കെ എൽ രാഹുൽ എന്നിവരും ഉൾപ്പെടുന്നു. കാൺപൂരിൽ 27 നാണ് രണ്ടാം ടെസ്റ്റ്.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&